# മൈലാപ്പൂരിലെ അദ്ഭുതസ്ലീവായുടെ തിരുനാൾ



"സ്ലവ്" എന്ന ക്രിയാധാതുവിൽ നിന്നാണ് സ്ലീവാ എന്ന സുറിയാനി പദത്തിന്റെ നിഷ്പത്തി. "ക്രൂശിക്കപ്പെട്ടവൻ","ഉയിർപ്പിക്കപ്പെട്ടവൻ"എന്നൊക്കെയാണ് ഈ പദത്തിന്റെ അർത്ഥം. പൗരസ്ത്യസുറിയാനി പാരമ്പര്യത്തിൽ സ്ലീവാ എന്ന പദം ഉത്ഥിതനായ ഈശോമിശിഹായെ സൂചിപ്പിക്കാൻ ഉപയോഗിക്കുന്നു. വ്യക്തികളുടെ പേരിനോട് ചേർത്ത് ഉപയോഗിക്കുന്ന "മാർ"എന്ന പദം സ്ലീവായോട് ചേർത്തുപയോഗിക്കാൻ കാരണം സ്ലീവാ ഉത്ഥിതനായ ഈശോമിശിഹാ എന്ന വ്യക്തിയെ പ്രതിനിധാനം ചെയ്യുന്നു എന്നതുകൊണ്ടാണ്.

മാർത്തോമ്മാ നസ്രാണികൾക്ക് സ്ലീവായോടുള്ള ആദരവും ഭക്തിയും പ്രസിദ്ധമാണ്. "സ്ലീവ ഭക്തർ"എന്നാണ് നസ്രാണികൾ അറിയപ്പെട്ടിരുന്നത്. സ്ലീവാ അടയാളം വരയ്ക്കൽ, സ്ലീവാ ചുംബനം, മദ്ബഹയിലും ഭവനങ്ങളിലും പ്രധാനസ്ഥാനത്ത് സ്ലീവാ പ്രതിഷ്ഠിക്കൽ, കൽസ്ലീവാ, കൈസ്ലീവാ തുടങ്ങിയവയൊക്കെ നസ്രാണികളുടെ സ്ലീവാഭക്തിയ്ക്ക് ഉദാഹരണങ്ങളാണ്.

ശ്ലീഹന്മാരുടെ വ്യത്യസ്തമായ മിശിഹാനുഭവങ്ങളുടെ ഫലമായി വ്യത്യസ്ത സഭാസമൂഹങ്ങൾക്ക് അവർ രൂപംകൊടുത്തതുപോലെ വിവിധതരം സ്ലീവാകൾ സഭയിൽ രൂപം കൊണ്ടു. നാലു സുവിശേഷങ്ങളുടെയും ഉള്ളടക്കം ഈശോമിശിഹാ എന്ന വ്യക്തിയിൽ പൂർത്തിയായ രക്ഷാകരസംഭവങ്ങളാണെന്നതുപോലെ വിവിധ സ്ലീവാകൾ ഒരേ മിശിഹാരഹസ്യത്തിന്റെ പ്രതീകങ്ങളായി വർത്തിക്കുന്നു.

**മൈലാപ്പൂരിലെ അത്ഭുതസ്ലീവാ**

മാർത്തോമ്മാശ്ലീഹായുടെ കബറിടം സ്ഥിതിചെയ്യുന്ന മൈലാപ്പൂരിൽ പ്രതിഷ്ഠിക്കപ്പെട്ടിരിക്കുന്ന സ്ലീവായാണ് മാർത്തോമ്മാസ്ലീവാ എന്ന പേരിൽ പൊതുവെ അറിയപ്പെടുന്നത്. സീറോമലബാർസഭയുടെ ആരാധനക്രമപഞ്ചാംഗമനുസരിച്ച് ഡിസംബർ 18-ാം തീയതി മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ അഥവാ മാർത്തോമ്മാ സ്ലീവായുടെ തിരുനാളാണ്.

മാർത്തോമ്മാനസ്രാണികളുടെ ഇടയിൽ തനിമയോടെ വളർന്നുവികസിച്ച തിരുനാളാണ് മൈലാപ്പൂരിലെ സ്ലീവാ രക്തം വിയർത്തതിന്റെ ഓർമയാചരണം. മൈലാപ്പൂരിലെ പെരിയമലയിൽ(ചില രേഖകളിൽ ചിന്നമല എന്നും കാണാം) പോർട്ടുഗീസ് മിഷണറിമാർ ഒരു പള്ളിയുടെ പുനർനിർമാണം ആരംഭിച്ചു. 1547 മാർച്ച് 22-ാം തീയതി പള്ളിക്കുള്ള മണ്ണ് നീക്കം ചെയ്യവേ പഴയ പള്ളി നിന്നിരുന്ന സ്ഥലത്ത് മാർ സ്ലീവാ കൊത്തിയിരിക്കുന്ന ഒരു കല്ല് കണ്ടെടുക്കുകയുണ്ടായി. ഈ സ്ലീവാ പള്ളിപണി പൂർത്തിയായശേഷം പുതിയ പള്ളിയുടെ മദ്ബഹായിൽ പ്രതിഷ്ഠിച്ചു. 1557-ഡിസംബർ 18-ാം തീയതി പരിശുദ്ധകുർബാനയർപ്പണത്തിനിടെ, ഏവൻഗേലിയോൻ പ്രഘോഷണസമയത്ത് ഈ സ്ലീവാ അത്ഭുതകരമായി രക്തം വിയർത്തു. 1566-വരെ ഈ അത്ഭുതം തുടർച്ചയായി സംഭവിച്ചു. 1599-ലും സ്ലീവാ രക്തം വിയർത്തതായി രേഖപ്പെടുത്തിയിരിക്കുന്നു. 1800 വരെ ഈ അദ്ഭുതം മൈലാപ്പൂരിലെ സ്ലീവായിൽ സംഭവിച്ചു. ഈ കാര്യങ്ങളെല്ലാം റോമിൽ യഥാസമയം അറിയിക്കുകയും അതിന്റെ വെളിച്ചത്തിൽ ആരാധനക്രമപഞ്ചാംഗത്തിൽ ഈ തിരുനാൾ ഉൾപ്പെടുത്തുകയും ചെയ്തു.

1959-ൽ റോമിൽ നിന്ന് പ്രസിദ്ധീകരിച്ച ഓർദോയിൽ ഡിസംബർ 18 മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടെ ഓർമദിനം എന്ന് രേഖപ്പെടുത്തിയിരിക്കുന്നു. 'കാപ്പ' അഥവാ "പൈനാ" പിറകുവശം മാർത്തോമ്മാസ്ലീവായാൽ അലംകൃതമാകണം എന്നും ഈ രേഖയിൽ തന്നെ പറഞ്ഞിട്ടുണ്ട്. 1960-ൽ റോമിൽനിന്നുതന്നെ പ്രസിദ്ധീകരിച്ച "സുപ്ലമെന്തും മിസ്റ്റേരിയോരും" എന്ന ഗ്രന്ഥത്തിൽ ഡിസംബർ 18-ലെ അത്ഭുതസ്ലീവായുടെ തിരുനാളിനുള്ള പ്രാർഥനകളും കൊടുത്തിട്ടുണ്ട്.

കരിങ്കല്ലു പൊഴിച്ചാണ് ഈ സ്ലീവാ കൊത്തിയിരിക്കുന്നത്. സ്ലീവായ്ക്ക് ചുറ്റും ഒരു ആർച്ച് ഉണ്ട്. ആർച്ചിന്റെ പാർശ്വത്തിൽ പാഹ്ലവി ഭാഷയിൽ ലിഖിതം രേഖപ്പെടുത്തിയിരിക്കുന്നു. ആർച്ച് ചേർന്ന് നിൽക്കുന്ന രണ്ട് തൂണുകൾക്ക് ഉള്ളിലാണ് സ്ലീവാ പ്രതിഷ്ഠിച്ചിരിക്കുന്നത്. തൂണുകൾക്ക് മുകളിൽ രണ്ട് വ്യാളികൾ/വ്യാഘ്രങ്ങൾ വായ്തുറന്നിരിക്കുന്നു. ഇവയുടെ വായിൽ നിന്ന് മുത്തുകളുടെ ആകൃതിയിലുള്ള ഗോളങ്ങൾ ആർച്ച് രൂപത്തിൽ സ്ലീവായെ ആവരണം ചെയ്യുന്നു. സ്ലീവായുടെ വെറുംഅലങ്കാരം മാത്രമല്ല ഇവിടെ ആർച്ച്. അതിന്റെ പ്രാധാന്യവും പരിശുദ്ധിയും ശ്രേഷ്ഠതയും അതിനെ വണങ്ങേണ്ടതിന്റെ ആവശ്യകതയും ആണ് ഇവിടെ സൂചിപ്പിക്കുന്നത്. പ്രപഞ്ചശക്തികൾ മാർ സ്ലീവായെ വണങ്ങുന്നതിനെ സൂചിപ്പിക്കുന്നതാണ് വ്യാളികളുടെ ചിത്രീകരണം. പാഹ്ലവി ഭാഷയിലെ ലിഖിതത്തിന്റെ അർത്ഥത്തെക്കുറിച്ച് ഭാഷാപണ്ഡിതന്മാരുടെ ഇടയിൽ വ്യത്യസ്തഅഭിപ്രായങ്ങളാണുള്ളത്.

**നടകൾ/പടികൾ**

മൂന്ന് പടികളിലാണ് സ്ലീവാ സ്ഥിതിചെയ്യുന്നത്. ഈ മൂന്ന് പടികൾ ഗാഗുൽത്തായെ പ്രതിനിധാനം ചെയ്യുന്നു. മാർ അപ്രേം ഗാഗുൽത്തായെയും സഭയെയും തമ്മിൽ ബന്ധിപ്പിക്കുന്നുണ്ട്. ഗാഗുൽത്താ സഭയുടെ ജന്മസ്ഥലമാകയാൽ അത് സഭയുടെ പ്രതീകമാണ്.

**ഇലകൾ/പൂവ്**

നടകൾക്ക് മുകളിലായി കാണുന്നത് നടുഭാഗം താഴേയ്ക്ക് വിടർത്തിയിട്ടിരിക്കുന്ന താമരപൂവ് പോലെയുള്ള പുഷ്പമാണ്. അതിപുരാതന ബുദ്ധശില്പകലയുടെ സ്വാധീനം ഇവിടെ കാണാം. അതുപോലെ ഇത് ഇലകളെയും സൂചിപ്പിക്കുന്നു. ഇലകളും പൂക്കളും തോട്ടത്തെ

സുചിപ്പിക്കുന്നു. ഈ തോട്ടം പറുദീസായാണ്. പറുദീസായിലെ ജീവന്റെ വൃക്ഷത്തിന്റെ സ്ഥാനത്ത് ഗാഗുൽത്തായിലെ ജീവന്റെ വൃക്ഷമായ സ്ലീവാ നിലകൊള്ളുന്നു. ഇലയും പൂക്കളും സൃഷ്ടികർമത്തെ സൂചിപ്പിക്കുന്നു. സൃഷ്ടിക്ക് കാരണമായ പിതാവായ ദൈവത്തെയും.

**ശൂന്യമായ കല്ലറ**

ശൂന്യമായ സ്ലീവായും ശൂന്യമായ കല്ലറയും ക്രൈസ്തവരുടെ ഏറ്റവും പ്രധാനപ്പെട്ട പ്രതീകങ്ങളായി ആദ്യകാലത്തുതന്നെ സഭയിൽ സ്ഥാനം പിടിച്ചു. ഈശോയുടെ രൂപമില്ലാത്ത ശൂന്യമായ സ്ലീവാ, ശൂന്യമായ കല്ലറപോലെ ഈശോയുടെ ഉത്ഥാനത്തിലേക്കാണ് വിരൽ ചൂണ്ടുക. ശൂന്യമായ സ്ലീവാ വിജയശ്രീലാളിതനായ ഈശോയെ സൂചിപ്പിക്കുന്നു.

**സ്ലീവായുടെ അഗ്രങ്ങളിലെ ഫലങ്ങൾ**

മൈലാപ്പൂരിലെ സ്ലീവാ കലാപരമായി അലങ്കരിച്ചിരിക്കുന്നു. അതിന്റെ നാലഗ്രങ്ങൾ മൊട്ടുകളുടെ ആകൃതിയിൽ രൂപപ്പെടുത്തിയിരിക്കുന്നു. പുതുജീവൻ നല്കുന്ന ഉത്ഥാനത്തിന്റെ ഫലങ്ങളാണ് വിടരാറായ മൊട്ടുകൾ സൂചിപ്പിക്കുന്നത്. ഈ രക്ഷയുടെ ഫലങ്ങൾ കൂദാശകൾ തന്നെയാണ്.

**സ്ലീവായിലെ അവരോഹണരൂപത്തിലുള്ള പ്രാവ്**

മൈലാപ്പൂർ സ്ലീവായിലെ പ്രാവ് അവരോഹണ രൂപത്തിലാണ് സ്ലീവായിലേയ്ക്ക് പറന്നിറങ്ങുന്നത്. സ്ലീവായെ ചുംബിക്കുന്നതുപോലെ അതിന്റെ ചുണ്ട് സ്ലീവായുടെ മുകൾത്തണ്ടിൽ നടുവിലായി സ്പർശിച്ചിരിക്കുന്നു. അവരോഹണരൂപത്തിലുള്ള പ്രാവ് റൂഹാദ്ക്കുദ്ശായുടെ പ്രതീകമാണ്.

മാർത്തോമ്മാ സ്ലീവായിൽ ഒരു ത്രിത്വാത്മക ദർശനം ഒളിഞ്ഞുകിടപ്പുണ്ട്. സ്ലീവായിലെ ഇല അഥവാ പുഷ്പം സൃഷ്ടപ്രപഞ്ചത്തെയാണ് സൂചിപ്പിക്കുക. സൃഷ്ടികളെല്ലാം പിതാവായ ദൈവത്തെ വെളിപ്പെടുത്തുന്ന ദൈവികപദ്ധതിയുടെ അടയാളങ്ങളാണ്. പുഷ്പിതസ്ലീവാ ഉത്ഥിതനായ മിശിഹായെ സൂചിപ്പിക്കുന്നു. പ്രാവ് റൂഹാദക്കുദ്ശായെ സൂചിപ്പിക്കുന്നു. അങ്ങനെ ത്രിത്വത്തെ പ്രതീകാത്മകമായി ഈ സ്ലീവായിൽ അവതരിപ്പിച്ചിരിക്കുന്നു. ത്രിത്വം എന്നും എപ്പോഴും സഭയിൽ കുടിക്കൊള്ളുന്നത് പടികൾ/നടകൾ പ്രതീകവത്ക്കരിക്കുന്നു.

മൈലാപ്പൂരിലെ അത്ഭുതസ്ലീവായുടേതുപോലുള്ള സ്ലീവാകൾ മാർത്തോമ്മാ നസ്രാണികളുടെ പുരാതന പള്ളികളിൽ കാണപ്പെടുന്നുണ്ട്. ആലങ്ങാട് സ്ലീവാ, കടുത്തുരുത്തി സ്ലീവാ, കോതനെല്ലൂർ സ്ലീവാ, മുട്ടുചിറ സ്ലീവാ, കടപ്ലാമറ്റം സ്ലീവാ, ചങ്ങനാശ്ശേരി സ്ലീവാ ,കോട്ടയം വലിയ പള്ളി സ്ലീവാകൾ, നീലംപേരൂർ സ്ലീവാ മുതലായവ ഉദാഹരണങ്ങളാണ്.

ഭാരതനസ്രാണിസഭയുടെ ഈ സ്ലീവാ നമ്മുടെ പൊതുപൈതൃകമാണെന്ന് ഇതിൽനിന്നെല്ലാം മനസ്സിലാക്കാം. ഈ രൂപത്തിലുള്ള സ്ലീവാ മൈലാപ്പൂരിൽ മാത്രമല്ല ഭാരതനസ്രാണികളുടെ പഴയ പള്ളികളിലും ഉണ്ടായിരുന്നുവെന്നും ഇന്നുമുണ്ട് എന്നതും ഈ സ്ലീവായുടെ പ്രസക്തി വർധിപ്പിക്കുന്നു. മാർത്തോമ്മാനസ്രാണികൾ ആഗോളസഭയ്ക്കു നല്കിയ വലിയ ഒരു മുതൽക്കൂട്ടാണ് മാർത്തോമ്മാസ്ലീവാ. തോമ്മാശ്ലീഹായുടെ കബറിടത്തിൽനിന്നു ലഭിച്ചതുകൊണ്ടും നമ്മെ പരിശുദ്ധത്രിത്വത്തിന്റെയും സഭയുടെയും കൂട്ടായ്മയിലേക്കു നയിച്ച തോമ്മാശ്ലീഹായെ ഓർമിക്കുന്നതിനുംവേണ്ടിയാണ് മാർത്തോമ്മാ സ്ലീവാ എന്ന പേര് ഈ അത്ഭുത സ്ലീവായ്ക്കു നല്കിയത്.

ഡോ.ജയിംസ് ചവറപ്പുഴ
നസ്രാണി റിസേർച്ച് സെന്റർ
നല്ലതണ്ണി.